പതിമൂന്നാം കേരള നിയമസഭ
ഏട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1605 | 22.03.2013 ൽ മറുപടിയ്ക്ക് |
|---|---|
| അംഗനവാടി നിർമ്മാണം | |
| ചോദ്യം | ഉത്തരം |
| ശ്രീ. ജി.സുധാകരൻ | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| (എ) നബാർഡിന്റെ ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി ഓരോ നിയോജക മണ്ഡലത്തിലേയും എത്ര അംഗനവാടികൾ വീതമാണ് നവീകരിക്കാനോ പുതുതായി നിർമ്മിക്കാനോ തെരഞ്ഞെടുക്കുന്നത് എന്നറിയിക്കാമോ; അമ്പലപ്പുഴ മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലും ആലപ്പുഴ മുനിസിപ്പാലിറ്റിയിലുമായി എത്ര അംഗനവാടികൾ ഇതിനായി തെരഞ്ഞെടുത്തുവെന്നും അവ ഏതെല്ലാമെന്നും അറിയിക്കാമോ; | (എ)&(ബി) സാമൂഹ്യ നീതി വകുപ്പിൽ നബാർഡ് - ആർ.ഐ.ഡി.എഫ് സ്കീം പ്രകാരം സ്വന്തമായി കെട്ടിടം നിർമ്മിക്കുക, കാലപഴക്കം കൊണ്ട് പൊളിഞ്ഞു വീഴാറായവ പുനർനിർമ്മിക്കുക എന്നിങ്ങനെ സംസ്ഥാനത്തെ 700 അംഗൻവാടികളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ബന്ധപ്പെട്ട എസ്.എൽ.ഇ.സിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്.<br>ഒരോ അംഗൻവാടിക്കും ഉള്ള സ്ഥലത്തിന്റെ ഉടമസ്ഥത തെളിയിക്കുന്ന സാക്ഷ്യപത്രം, പഞ്ചായത്തിന്റെ തീരുമാനം, കെട്ടിടത്തിന്റെ പ്ലാനും, എസ്റ്റിമേറ്റും (2012-ലെ പൊതുമരാമത്ത് വകുപ്പ് SOR പ്രകാരം), പണിയുടെ സമയക്രമം എന്നിവ ഉൾപ്പെടുത്തി കൊണ്ടുള്ള റിപ്പോർട്ട് സഹിതം പ്രോഗ്രാം ഓഫീസർമാർമാരുടെ പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ബന്ധപ്പെട്ട എം.എൽ.എ മുഖേനയും മറ്റും ശുപാർശ ചെയ്യപ്പെട്ട ഏതൊക്കെ അംഗൻവാടികളെയാണ് തെരഞ്ഞെടുക്കപ്പെടാവുന്നതെന്ന വിവരം ലഭ്യമാകുകയുള്ളൂ. |
| (ബി) ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി അംഗനവാടികൾ പുതുതായി നിർമ്മിക്കുന്നതിനുവേണ്ട മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വിശദമാക്കാമോ ? | |

സെക്ഷൻ ഓഫീസർ